**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1129** **02-02-2026 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ മിഷൻ പ്രവർത്തികളെ തുടർന്ന് കുറ്റ്യാടി നിയോജക മണ്ഡലത്തിൽ തകരാറിലായ റോഡുകൾ പുനരുദ്ധരിക്കുന്നത് ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഇതിനായി കുറ്റ്യാടി നിയോജക മണ്ഡലത്തിലെ റോഡുകൾ പുനരുദ്ധരിക്കുന്നതിനായി വകയിരുത്തിയ ഫണ്ട് എത്രയെന്ന് അറിയിക്കാമോ; | (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കുഴിച്ച റോഡുകളുടെ റെസ്റ്റോറേഷൻ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, റോഡുകൾ പുനരുദ്ധരിക്കുന്നതിനായി വകയിരുത്തിയ ഫണ്ട് സംബന്ധിച്ച വിവരങ്ങൾ എന്നിവ അടങ്ങിയ പട്ടിക **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | ഇതിൽ നിലവിൽ എത്ര റോഡുകൾ പുനരുദ്ധരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; ടി റോഡ് പ്രവർത്തികൾ എന്ന് പൂർത്തിയാകുമെന്ന് അറിയിക്കാമോ; | (ബി) | പുനരുദ്ധാരണ പ്രവൃത്തികൾ, പൂർത്തീകരിച്ച റോഡുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ പട്ടിക **അനുബന്ധം 2** ആയി ചേർക്കുന്നു.<br><br>ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കുഴിച്ച റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ 2026 മെയ് മാസത്തോട്ടു കൂടി പൂർത്തീകരി ക്കാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | കുറ്റ്യാടി നിയോജക മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ? | (സി) | കുറ്റ്യാടി നിയോജക മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്ത് തിരിച്ചുള്ള പുരോഗതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് - 47%<br><br>2. തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് - 58%<br><br>3. ആയഞ്ചേരി ഗ്രാമപഞ്ചായത്ത് - 78%<br><br>4. മണിയൂർ ഗ്രാമപഞ്ചായത്ത് - 22%<br><br>5. വേളം ഗ്രാമപഞ്ചായത്ത് - 70%<br><br>6. കുറ്റിയാടി ഗ്രാമപഞ്ചായത്ത് - 90%<br><br>7. പുറമേരി ഗ്രാമപഞ്ചായത്ത് - 60 % |

| | | | |
|---|---|---|---|
| | | | 8. കുന്നുമ്മൽ ഗ്രാമ പഞ്ചായത്ത് - 100%<br><br>ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ഇതുവരെ നൽകിയ കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ പട്ടിക **അനുബന്ധം 3** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| പഞ്ചായത്ത് | റോഡ് പുനരുദ്ധാരണത്തിലെ നിലവിലെ സ്ഥിതി | റോഡുകൾ പുനരുദ്ധരിക്കുന്നതിനായി വകയിരുത്തിയ ഫണ്ട് |
|---|---|---|
| വേളം | റോഡുകളുടെ പുനരുദ്ധാരണം ആരംഭിച്ചിട്ടില്ല | 5.77 കോടി |
| വില്യാപ്പള്ളി | 110 റോഡുകൾ പുനരുദ്ധാരണം പൂർത്തികരിച്ചു | 6.60 കോടി |
| ആയഞ്ചേരി | 22 റോഡുകൾ പുനരുദ്ധാരണം പൂർത്തികരിച്ചു | 6.72 കോടി |
| തിരുവള്ളൂർ | റോഡുകളുടെ പുനരുദ്ധാരണം ആരംഭിച്ചിട്ടില്ല | 6.46 കോടി |
| മണിയൂർ | 97 റോഡുകൾ പുനരുദ്ധാരണം പൂർത്തികരിച്ചു | 7.13 കോടി |
| പുറമേരി | 35 റോഡുകൾ പുനരുദ്ധാരണം പൂർത്തികരിച്ചു | 4.39 കോടി |
| കുന്നുമ്മൽ | മുഴുവൻ റോഡുകളുടെയും പുനരുദ്ധാരണം പൂർത്തികരിച്ചു | 1.80 കോടി |
| കുറ്റ്യാടി | മുഴുവൻ റോഡുകളുടെയും പുനരുദ്ധാരണം പൂർത്തികരിച്ചു | 98 ലക്ഷം |

**അനുബന്ധം 2**

| പഞ്ചായത്ത് | കുഴിച്ച റോഡുകളുടെ എണ്ണം | പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്ന റോഡുകളുടെ വിശദാംശങ്ങൾ | പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തികരിച്ച റോഡുകളുടെ ശതമാനം |
|---|---|---|---|
| വില്യാപ്പള്ളി | 155 | 110 | 70.96 |
| കുന്നുമ്മൽ | 80 | 80 | 100 |
| കുറ്റിയാടി | 39 | 39 | 100 |
| ആയഞ്ചേരി | 123 | 22 | 2.43 |
| തിരുവള്ളൂർ | 182 | 0 | 0 |
| മണിയൂർ | 148 | 97 | 65.54 |
| പുറമേരി | 70 | 35 | 50 |
| വേളം | 212 | 0 | 0 |

<u>അനുബന്ധം 3</u>

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | JJM ന് മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിലെ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ |
|---|---|---|---|---|---|---|---|
| ആയഞ്ചേരി | 7063 | 1598 | 5465 | 8021.44 | 49 | 1647 | 5416 |
| കുന്നുമ്മൽ | 4515 | 1114 | 3401 | 1128.60 | 4016 | 5130 | 0 |
| കുറ്റ്യാടി | 4441 | 850 | 3591 | 1671.11 | 2220 | 3070 | 1371 |
| മണിയൂർ | 10470 | 3305 | 7165 | 10817.71 | 0 | 3305 | 7165 |
| പുറമേരി | 7358 | 2121 | 5237 | 5264.97 | 92 | 2213 | 5145 |
| തിരുവള്ളൂർ | 8739 | 39 | 8700 | 10153.05 | 0 | 39 | 8700 |
| വേളം | 7083 | 290 | 6793 | 6703.10 | 284 | 574 | 6509 |
| വില്യാപ്പള്ളി | 9082 | 1281 | 8469 | 8437.08 | 232 | 1513 | 7569 |
| ആകെ | 58751 | 10598 | 48821 | 52197.06 | 6893 | 17491 | 41260 |